**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2226** **03-03-2025 - ൽ മറുപടിയ്ക്ക്**

**സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കൊടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹൽ മാങ്കൂട്ടത്തിൽ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | 2023-24 സീസണിൽ കർഷകരിൽ നിന്ന് 5.59 ലക്ഷം മെട്രിക് ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. ടി സീസണിൽ PRS വായ്പയായിട്ടാണ് സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് നൽകിയിട്ടുള്ളത്. ഇപ്രകാരം 2023-24 സീസണിൽ നെല്ല് സംഭരിച്ചതിന്റെ തുകയായ 1584.11 കോടി രൂപ പി.ആർ.എസ് വായ്പയിലൂടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക് എന്നീ ബാങ്കുകളിലൂടെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>ചില പ്രത്യേക കാരണങ്ങളാൽ ടി PRS വായ്പയായി നെല്ലിന്റെ വില സ്വീകരിക്കാൻ സാധിക്കാതിരുന്ന കർഷകർക്ക് അവർ ആയത് സപ്ലൈകോയെ അറിയിക്കുന്ന മുറയ്ക്ക്, **'PRS വായ്പയായി ടി കർഷകർ തുക കൈപ്പറ്റിയിട്ടില്ല'** എന്ന കാര്യം ഉറപ്പ് വരുത്തിയതിനുശേഷം അവരുടെ അക്കൗണ്ടിൽ നേരിട്ട് തുക നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ